# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ (പി 1)550/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
3കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ (പി 1)550/2023 തീയ്യതി: 28/04/2023

# തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 16-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട്

തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 17-04-2023 | 20-04-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-04-2023 | 20-04-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ പി എ ,ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ, എ.കെ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത.ആർ.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കൃഷ്ണരാഹുൽ എംടി,ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ലളിത ബാലൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീചിത്ത് . സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനിൽകുമാർ.എം.വി. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| വിജയൻ.പി.എസ്. | അസി.എൻജിനീയർ | 01-04-2021 | 30-09-2021 |
| സിമി വി.യു | അസി.എൻജിനീയർ | 01-10-2021 | 28-10-2021 |
| രഹന എ സി | അസി.എൻജിനീയർ | 29-10-2021 | 31-03-2022 |
| ജയന്തി ടി ടി | അസി.ഡയറക്ടർ ഓഫ് ,ഫിഷറീസ് | 01-04-2021 | 31-03-2022 |
| അമ്പിളി.എൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഷംസാദ് എം. | ശിശു വികസന ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. രാജീവ് | സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | 01-04-2021 | 31-03-2022 |
| നവ്യ രാമചന്ദ്രൻ | വ്യവസായവികസന ഓഫീസർ | 01-04-2021 | 12-08-2021 |
| പ്രദീപ് പി എസ് | വ്യവസായവികസന ഓഫീസർ | 13-08-2021 | 31-03-2022 |
| ജി.മുരളീധര മേനോൻ | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2021 | 16-08-2021 |
| വൽസല കെ കെ | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 17-08-2021 | 13-12-2021 |
| മിനി എസ് | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 14-12-2021 | 31-03-2022 |
| സുകന്യ.എൻ.എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 16-02-2022 |
| ഡിജി എം ടി | പട്ടികജാതി വികസന ഓഫീസർ | 17-02-2022 | 28-02-2022 |
| പ്രീത കെ പി | പട്ടികജാതി വികസന ഓഫീസർ | 28-02-2022 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷികകണക്കുകളുടെ സമർപ്പണം-അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-8-1 |
| 9 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-2 |
| 10 | യഥാസമയം ഡിമാന്റ് എൻട്രി ചെയ്യുന്നില്ല | 1-8-3 |
| 11 | വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-8-4 |
| 12 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-8-5 |
| 13 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-8-6 |
| 14 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-8-7 |
| 15 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-8 |
| 16 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ -എഴുതി സൂക്ഷിച്ചിട്ടില്ല | 1-8-8 |
| 17 | Prior Period Item-വർക്ക്ഷീറ്റ്,വൗച്ചർ ലഭ്യമാക്കിയിട്ടില്ല | 1-8-9 |

| | | |
|---|---|---|
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-10 |
| 19 | ഗുണഭോക്തൃ വിഹിതം-അർഹമായവർക്ക് നൽകേണ്ടതാണ് | 1-8-11 |
| 20 | ഗ്രാന്റ് ഉപയോഗിച്ച് ആസ്തി നിർമ്മാണം - " Capital Contribution” എന്ന ശീർഷകത്തിലേക്ക് മാറ്റുന്നില്ല | 1-8-12 |
| 21 | വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-9 |
| 22 | വാഹനങ്ങളുടെ ലോഗ് ബുക്കിലെ അബ്സ്ട്രാക്ടിൽ കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ് | 1-10 |
| 23 | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-11 |
| 24 | കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-12 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചില്ല | 1-13 |
| 26 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് സബ്സിഡി നൽകൽ-സബ്സിഡി തുക ലോണിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ് | 1-14 |
| 27 | ബ്ലോക്കിൽ നിന്നും വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 28 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും | 1-16 |
| 29 | കാട്ടൂർ സി.എച്ച്.സിയിൽ കുഴൽകിണർ നിർമാണം-കരാർ ചമക്കും മുമ്പേ തുക നൽകി | 1-17 |
| 30 | കുഴിച്ചെടുത്ത മണ്ണ് ലേലം നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 31 | ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂസ്വത്ത്, കെട്ടടങ്ങൾ എന്നിവയുടെ മുഴുവൻ ആധാരങ്ങളും ലഭ്യമല്ല | 1-19 |
| 32 | അൺഫിറ്റ് ആയ കെട്ടിടങ്ങൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |

| | | |
|---|---|---|
| 33 | ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പഴയ ഫർണീച്ചർ, ജനൽ ഉരുപ്പടികൾ-തുടർനടപടി എടുക്കേണ്ടതാണ് | 1-21 |
| 34 | പാലിയേറ്റീവ് കെയർ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.2.21 തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 10197600 | 107573300 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 24.2.22 തീരുമാനം നം. 3(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 62376417 | 60984704 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 27-5-22 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7434737 |
| വരവ് | 45662353 |
| ആകെ | 53097090 |
| ചെലവ് | 43664029 |
| നീക്കിയിരിപ്പ് | 9433061 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 13495900 | 13495900 | 13033313 | 462587 |
| വികസന ഫണ്ട് –എസ്.സി.പി | 0 | 12502617 | 12502617 | 9006905 | 3495712 |
| മെയിന്റനൻസ്-റോഡിതരം | 0 | 4169577 | 4169577 | 3050883 | 1118694 |
| സി.എഫ്.സി. ടൈഡ് ഗ്രാന്റ് | 0 | 6081180 | 6081180 | 2842052 | 3239128 |
| സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് | 0 | 2776400 | 2776400 | 1065618 | 1710782 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 84 | 67380916 | 63 | 32611100 | 48.4 | 75 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 20.04.2023 ന് 2.45 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8-1 വാർഷികകണക്കുകളുടെ സമർപ്പണം-അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-8-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1998324 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3960140 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-3 യഥാസമയം ഡിമാന്റ് എൻട്രി ചെയ്യുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ

ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ടു തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 48180<br>50424 | 9.5.21<br>31.3.22 | 42100001<br>42100061 |

## 1-8-4 വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ (ഷോപ്പിംഗ് കോംപ്ലക്സ്)

2. വാടക രജിസ്റ്റർ (ഓഡിറ്റോറിയം)

1.അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ടി തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 98604 | 7109 | 91495 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കുടിശ്ശിക) | 35450 | 7659 | 43351 |

2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കുകയോ ഡി.സി.ബി. തയ്യാറാക്കുകയോ ചെയ്യിട്ടില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|---|
| Sale Of Scrap | 3700 | 3700 |
| Sale Of Other Products | 188604 | 188604 |
| Sale Of Tender Forms | 5500 | 5500 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 98798 | 98798 |

| | | |
|---|---|---|
| (ഹാൾ, ഓഡിറ്റോറിയം) | | |
| Sale Of Other Store & Scrap | 163736 | 1637363 |

## 1-8-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 2356579 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-8-6 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. അഡ്വാൻസ് നൽകുന്നതും ക്രമീകരിക്കുന്നതും രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-8-7 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-8 വാർഷിക ധനകാര്യ പത്രിക പരിശോധന

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
(ഓഡിറ്റ് എൻക്വയറി നം.9/19.4.23)

## 1-8-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ -എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2022 ൽ ബാക്കിയുള്ള തുക പരിശോധിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-8-9 Prior Period Item-വർക്ക്ഷീറ്റ്,വൗച്ചർ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | 111240 |
| 280800201-Prior Period -Administrative Expenses | 300778 |
| 280800301-Prior Period -Operations & Maintenance Expenses | 1069702 |
| 280800501-Prior Period- Programme Expenses | 2823213 |
| 280800601-Prior Period- Revenue Grants & Contributions | 3571060 |
| 280800701-Prior Period-Miscellaneous Expenses | 98342 |

## 1-8-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-8-11 ഗുണഭോക്തൃ വിഹിതം-അർഹമായവർക്ക് നൽകേണ്ടതാണ്

ഗുണഭോക്തൃ വിഹിതമായ 3000 രൂപ 2 വർഷമായി ചെലവഴിക്കാതെ LGTSB യിൽ അക്കൗണ്ട് നം 79901300001160-ൽ സൂക്ഷിച്ചിരിക്കുന്നു. എൽഡിസി കനാലിന്റെ ഉൾബണ്ടിൽ തെങ്ങിൻ തൈ നടീൽ എന്ന പദ്ധതിക്കായാണ് (പദ്ധതി94/20) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരിക്കുന്നത്. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.9/19.4.23) മറുപടി നൽകിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം അർഹമായവർക്ക് തിരികെ നൽകേണ്ടതാണ്.

## 1-8-12 ഗ്രാന്റ് ഉപയോഗിച്ച് ആസ്തി നിർമ്മാണം - " Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റുന്നില്ല

31/3/2021-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-9 വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ആകെ 8 കടമുറികളിൽ 6 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിൽ 4 കടമുറികളുടെ വിവരങ്ങൾ മാത്രമാണ് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രണ്ട് കടമുറികളുടെ വാടക, വാടക കുടിശ്ശിക എന്നിവ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ കടമുറികളുടെയും അതാത് വർഷത്തെ ഡിമാന്റ് അതാത് വർഷം രേഖപ്പെടുത്തുന്നില്ല. വാടക അടവാക്കുന്ന സമയത്ത് ആ സാമ്പത്തിക വർഷത്തിൽ രേഖപ്പെടുത്തി വരികയാണ് വരുന്നത്. കൂടാതെ ഡിമാന്റ് കളക്ഷൻ കുടിശ്ശിക സംബന്ധിച്ച സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
(ഓഡിറ്റ് എൻകചയറി നം. 17/20.04.2022 )

## 1-10 വാഹനങ്ങളുടെ ലോഗ് ബുക്കിലെ അബ്സ്ട്രാക്ടിൽ കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിൽ രണ്ടു വാഹനങ്ങൾ നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. എന്നാൽ ലോഗ് ബുക്കിൽ മാസാന്ത്യത്തിൽ തയ്യാറാക്കുന്ന അബ്സ്ട്രാക്ടിൽ കസ്റ്റോഡിയൻ ഓഫീസർ ആയ സെക്രട്ടറി ഒപ്പിടുന്നതായി കാണുന്നില്ല. അബ്സ്ട്രാക്ടിൽ ഒപ്പു ചേർക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (സ. ഉ. നമ്പർ ജി.ഒ (എം.എസ്) 170/07ത.സ്വ.ഭ.വ 30.06.2007)

## 1-11 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ തുക വിവിധ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതായി കാണുന്നില്ല. ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക | വൗച്ചർ നമ്പർ, തിയ്യതി | കൈമാറിയ ഏജൻസി |
|---|---|---|---|---|
| 01/22 | ഐ.കെ.എം പ്രവർത്തനഫണ്ട് | 30717 | 22100553/22-09-2021 | IKM |

| | | | | |
|---|---|---|---|---|
| 35/22 | ക്യാൻ തൃശ്ശൂർ | 50000 | 188/01/21-22/10-01-22 | District Panchayat Thrissur |

എൻകയറി നമ്പർ – 6/19.04.2023

## 1-12 കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്റ്റ് നമ്പർ. 97/22

പ്രോജക്റ്റ് നമ്പർ. 85/22

ഓഡിറ്റ് വർഷം രണ്ടു പ്രോജക്ടുകളിലായി കെൽട്രോണിൽ നിന്നും ഒരു എ4 ഷീറ്റ് ഫെഡ് സ്കാനർ, രണ്ട് ഡസ്ക്ടോപ്പ് കംപ്യൂട്ടർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ നിശ്ചിത ഫോമിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. സർക്കുലർ നം. 86/2010/Fin/Dt. 24.09.10 പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിലും സമാന പരാമർശം ഉണ്ടായിട്ടും നിലവിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നു കാണുന്നു. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതിവികസന ഓഫീസർ

പ്രൊജക്റ്റ് നം.29/22

പ്രൊജക്ടിന്റെ പേര്-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 200000 രൂപ ധനസഹായം മൂന്ന് ഗഡുക്കളായി നൽകുന്നു. പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ബിൽ നം./ തിയതി വൗച്ചർ നം./ തിയതി | നൽകിയ തുക | |
|---|---|---|---|
| അനന്തകൃഷ്ണ എ. എ, ഐനിക്കൽ കാറളം | 22100613/12.11.22<br>22100791/15.3.22 | 50000<br>75000 | 125,000 |

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻകചയറിക്ക് (നം 3 / തീയതി 18.4.23 )മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് സബ്സിഡി നൽകൽ- സബ്സിഡി തുക ലോണിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്

പ്രോജക്റ്റ് നം.37/22

നിർവ്വഹണോദ്യോഗസ്ഥൻ-വ്യവസായ വികസന ഓഫീസർ.

വൗച്ചർ നം.22100693/21.2.22-300000/-

തൻവർഷം അഞ്ച് പേരടങ്ങിയ ജൂബിലി അപ്പാരൽസ് എന്ന ഗ്രൂപ്പിന് ഗാർമെന്റ് യൂണിറ്റ് തുടങ്ങുന്നതിന് പറപ്പൂക്കര റൂറൽ സഹകരണ ബാങ്ക് 16.2.2022 ൽ 360000/- രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. ടി ഗ്രൂപ്പിന് സബ്സിഡിയിനത്തിൽ 300000/- രൂപ പറപ്പൂക്കര സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (A/C 0325-03824211-195001) കൈമാറിയിട്ടുണ്ട്. വായ്പ പാസ് ബുക്ക് പരിശോധിച്ചതിൽ 12.4.23 ൽ 335235/-രൂപ ഇനിയും അടക്കുവാൻ ബാക്കിയുണ്ട്. സംരംഭത്തിന്റെ

പ്രവർത്തനം വിലയിരുത്തേണ്ടതും, വായ്പതുക 300000/- രൂപ നീക്കിയിരിപ്പാകുമ്പോൾ സബ്സിഡി തുക വായ്പയിലേക്ക് ക്രമീകരിക്കേണ്ടതാണ്.

വായ്പാ തുക 3 ലക്ഷം രൂപ നീക്കിയിരിപ്പാകുമ്പോൾ സബ്സിഡി തുക വായ്പയിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻകചയറിക്ക് (നം. 4/തീയതി-18.4.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## <u>1-15 ബ്ലോക്കിൽ നിന്നും വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശിശു വികസന പദ്ധതി ഓഫീസർ

താഴെ കൊടുക്കുന്ന പദ്ധതികൾ പ്രകാരം കാട്ടൂർ ഗ്രാമ പഞ്ചായത്തിന് ബ്ലോക്കിൽ നിന്നും വിഹിതം നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് | വൗച്ചർ നം./ തിയതി | തുക |
|---|---|---|
| 16/22 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടിക്ക് ബ്ലോക്ക് വിഹിതം നൽകൽ | 22100637/27.10.21<br>22100640/13.12.21<br>22100653/14.1.22 | 104113<br>92950<br>2937<br>---------<br>200000 |
| 17/22 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ | 22100632/24.11.21<br>22100692/23.2.22 | 200000<br>68150<br>--------<br>268150 |

ഓഡിറ്റ് എൻകചയറി നം. 11/തീയതി –19.4.23

## 1-16 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 32 പ്രൊജക്റ്റുകൾ ആവിഷ്ക്കരിച്ചതിൽ 19 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിച്ചു (59.38 %). മൊത്തം 19610247/ രൂപയുടെ അടങ്കൽ ആവിഷ്ക്കരിച്ചതിൽ 6632425/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (33.82%). 1867000/ രൂപ എസ്.സി.പി. ഫണ്ട് വകയിരുത്തിയെങ്കിലും സാമ്പത്തികവർഷം യാതൊരു തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ചടുലമാക്കിയാലേ പ്രൊജക്റ്റുകൾ സ്പിൽ ഓവർ ചെയ്യാതെ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയൂ. ആയതിനാൽ ഓരോ പ്രൊജക്റ്റിന്റെ കാര്യത്തിലും പരമാവധി തുക ചെലവഴിക്കുന്ന കാര്യത്തിൽ ഭാവിയിൽ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്നുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 15/20/4/23 ന് തുടർന്നുള്ള വർഷങ്ങളിൽ ആയതു പരിഹരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-17 കാട്ടൂർ സി.എച്ച്.സിയിൽ കുഴൽകിണർ നിർമാണം-കരാർ ചമക്കും മുമ്പേ തുക നൽകി

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രൊജക്റ്റ് നം** | 110/21, 69/22, 31/23 |
| **അടങ്കൽ, ഫണ്ട്** | 200000/ തനതുഫണ്ട് |
| **കരാറുകാർ** | ജില്ലാ ഓഫീസർ, ഭൂഗർഭജലവിഭാഗം. തൃശൂർ |
| **കരാർ** | 16/8/22 |
| **അളവുപുസ്തകം** | ഇല്ല |
| **ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക** | 143/24/12/21, 52000/<br>40/20/7/22, 133975/ |

**അപാകത**

കരാർ ചമക്കും മുമ്പേ തുക കൈമാറിയത് ശരിയായ നടപടിയല്ല. 8/6/22 ൽ കുഴൽകിണർ സ്ഥാപിച്ചതിന് ശേഷം മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. അനുബന്ധ പ്രവൃത്തികൾക്കാണ് 2022-23 ൽ തുക അനുവദിച്ചത്.

പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം പ്രകാരം 185975/- രൂപ നൽകിയതിൽ 165702/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി 20093/- രൂപ തിരികെ കിട്ടുവാനുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/ 20.4.23 ന് നൽകിയ മറുപടിയിൽ അറിവില്ലായ്മ മൂലമാണ് കരാർ ചമക്കുന്നതിൽ അപാകത സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. തിരികെ കിട്ടാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-18 കുഴിച്ചെടുത്ത മണ്ണ് ലേലം നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രൊജക്റ്റ് നം.** | 79/22, |
| **പ്രവൃത്തി** | വില്ലേരിപ്പാടത്ത് കാന നിർമാണം-മുരിയാട് ഗ്രാമപഞ്ചായത്ത് |
| **അടങ്കൽ, ഫണ്ട്** | 428657/ സി. എഫ്. സി. ഗ്രാന്റ് |
| **കരാറുകാരൻ** | ഐ. കെ ടോമി |
| **അളവുപുസ്തകം** | 89/18-19 |
| **ബിൽ സാങ്ഷൻ നം., തുക/ ചെക്ക് നമ്പർ, തുക** | 209/25/2/22, 419212 |

ഈ പ്രവൃത്തിയുടെ ഭാഗമായി ലഭ്യമായ 60.32 ഖനമീറ്റർ മണ്ണ് D1-199/21/22/2/22 നമ്പർ കത്ത് പ്രകാരം ലേലം ചെയ്യുന്നതിനായി മുരിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതിനാൽ ആയത് ലേലം നടത്തി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 15/20-4-23)

## 1-19 ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂസ്വത്ത്, കെട്ടടങ്ങൾ എന്നിവയുടെ മുഴുവൻ ആധാരങ്ങളും ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂസ്വത്ത്, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ ആധാരങ്ങൾ സംബന്ധിച്ചുള്ള 2/18/4/23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , കാറളത്തുള്ള കമ്മ്യൂണിറ്റി ഹാൾ, പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ്, മിനി വ്യവസായ യൂണിറ്റ് എന്നീ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന നാൽപത്തി മൂന്നെമുക്കാൽ സെന്റ് ഭൂമിയുടെ ആധാരം മാത്രമേ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളൂ എന്നാണ് മറുപടി നൽകിയിട്ടുള്ളത്. വികസനവിദ്യാകേന്ദ്രം, പ്രീമെട്രിക് ഹോസ്റ്റൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടസമുച്ചയം എന്നിവയുടെ ആധാരത്തിന്റെ കോപ്പി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കാമെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ സ്ഥാവര വസ്തുക്കൾ സംബന്ധിച്ചുള്ള മുഴുവൻ ആധാരങ്ങളും/രേഖകളും സ്ഥാപനത്തിൽ തന്നെ കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 അൺഫിറ്റ് ആയ കെട്ടിടങ്ങൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അൺഫിറ്റ് ആയ കെട്ടിടങ്ങൾ സംബന്ധിച്ചുള്ള 1/18/4/23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ താഴെ സൂചിപ്പിക്കുന്നവ അൺഫിറ്റ് ആണെന്ന് അറിയിച്ചിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | അൺഫിറ്റ് കെട്ടിടം |
|---|---|

| | |
|---|---|
| ആനന്ദപുരം സി. എച്ച്. സി. | കോൺഫറൻസ് ഹാൾ, റൂം നമ്പർ 12 മുതൽ 21 വരെയുള്ള മുറികൾ |
| കാട്ടൂർ സി. എച്ച. സി | കെട്ടിടനമ്പർ 5/396, 5/397 |

25/4/23 ന് ബ്ലോക്ക് പഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കാട്ടൂർ സാമൂഹിക ആരോഗ്യകേന്ദ്രം കോമ്പൗണ്ടിൽ അൺഫിറ്റ് ആയ വാട്ടർ ടാങ്കും കാണുകയുണ്ടായി.

അൺഫിറ്റ് ആയ കെട്ടിടങ്ങളുടെ കാര്യത്തിലും പഴയ സാധനസാമഗ്രികളുടെ കാര്യത്തിലും സമയോചിതമായി ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പഴയ ഫർണീച്ചർ, ജനൽ ഉരുപ്പടികൾ-തുടർനടപടി എടുക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസനഓഫീസർ, വ്യവസായ വികസന ഓഫീസർ എന്നിവരുടെ കാര്യാലയത്തിന് പിന്നിലുള്ള കോമ്പൗണ്ടിൽ ട്രസ്സ് വർക്ക് നടത്തിയതിന് താഴെ പഴയ പ്ലാസ്റ്റിക്, മര ഫർണീച്ചറുകളും സ്റ്റീൽ റാക്കുകളും സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ മുറിക്ക് പിന്നിലായി തുറസ്സായ കോമ്പൗണ്ടിൽ അഴിച്ചുമാറ്റിയ രണ്ട് ജനൽ ഉരുപ്പടികളും സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതിവിവരം സംബന്ധിച്ച് 5/18/4/23 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ വസ്തുക്കളുടെ കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, ആനന്ദപുരം സി.എച്ച്.സിയുടെ പ്രൊജക്ട് നമ്പർ S0033/22 - പാലിയേറ്റീവ് കെയർ രണ്ടാം ഘട്ടം പരിശോധിച്ചതിൽ മരുന്നു വാങ്ങുന്നതിലേക്കായി വൗച്ചർ നം.22100564/30.09.2021 പ്രകാരം 1,06,088/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട് (പ്രഫോർമ ഇൻവോയ്സ് നം.

PRF2320/27.09.21). എന്നാൽ 94,063/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 12,025 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 08/19.04.2023).

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

52000 രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 പ്രകാരമുണ്ട്. കാട്ടൂർ CHC യിൽ കുഴൽ കിണർ നിർമ്മാണത്തിനായി GWD യ്ക്ക് നൽകിയതായി കാണുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45662353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43664029 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല.

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | റിമാർക്ക് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1995-96, 1997-98 | LFT 8-328/99 Dtd.01.07.99 | 5 | 19, 22, 64, 66, 69 | |
| 2 | 1998-99 | LFT 16-1422/02 | 1 | 35 | |

| | | | | | |
|---|---|---|---|---|---|
| | | Dtd.02.08.03/ 31.10.03 | | | |
| 3 | 1999-2000 | LFT 16-1423/02 Dtd.30.09.03 | 4 | 32, 33, 36, 37 | |
| 4 | 2000-01, 2001-02 | LFT 16-53/14 Dtd.01.03.04/ 12.03.04 | 15 | 4, 5(1,2,3,4), 6,7,8,9,11,12,13,14,15,16,17, 18(1,2,3,4,5,6),19 | |
| 5 | 2002-03 | LFT 21-2464/07 Dtd.09.01.09 | 2 | 3-5, 3-8 | |
| 6 | 2003-04 | LFT 21-2463/07 Dtd.09.01.09/ 13.04.09 | 2 | 3-1, 3-6 | |
| 7 | 2004-05 | LFT 21-2462/07 Dtd.09.01.09/ 13.04.09 | 4 | 3-2, 3-3, 3-4, 3-7(1 To 11, 14, 15, 18, 19) | |
| 8 | 2005-06 | LFT 21-789/09 Dtd.05.05.10 | 9 | 3-3, 3-6, 3-7, 3-8, 3-9, 3-10(A,B,C,D,E), 3-11, 3-12, 3-13(C,D) | |
| 9 | 2006-07 | LFT 21-790/09 Dtd.30.03.10/ 06.08.10 | 6 | 2-3, 3-4, 3-9, 3-14, 3-16, 3-18 | |
| 10 | 2007-08 | LFT BP 1618/11 Dtd.16.04.12/ 03.08.12 | 6 | 3-1, 3-2, 3-3, 3-7, 3-8, 3-10 | |
| 11 | 2008-09 | LFT BP 1619/11 | 3 | 3-3, 3-7, 3-10 | |

| | | | | | |
|---|---|---|---|---|---|
| | | Dtd.16.04.12/ 03.08.12 | | | |
| 12 | 2010-11 | LFT(BP)2294/12 Dt.8.2.13/3.6.13 | 5 | 3-2, 3-9, 3-10, 3-11, 3-12 | |
| 13 | 2011-12 | LFT(BP)206/2013 Dt.8.5.13/2.9.13 | 8 | 3-2, 3-5, 3-6, 3-11, 3-12, 3-13, 3-14, 3-15 | |
| 14 | 2012-13 | LFT(BP)1321/14 Dt.15.12.14/12.2.15 | 6 | 3-3, 3-6, 3-8, 3-12, 3-13, 3-14 | |
| 15 | 2013-14 | KSA.TSR.BP380/16 Dt.13.8.15/13.10.15 | 9 | 3-1, 3-3, 3-4, 3-5, 3-7, 3-15, 3-17, 3-18, 3-20 | |
| 16 | 2014-15 & 2015-16 | KSATSR(BP2)653/17 Dt.26/05/17 | 3 | 3-5, 3-6, 3-22 | |
| 17 | 2016-17 | KSA.TSR.BP2-1711/17 Dt.7.12.17 | 2 | 3-4,3-8 | |
| 18 | 2017-18 | KSA.TSR(BP2)13/19 Dt.7.03.19 | 5 | 3-3, 3-4, 3-9, 3-10-1, 3-10-2, 3-11 | |
| 19 | 2018-19 | KSA.TSR(BP2)958/19 Dt.5.8.19 | 1 | 3-2(4) | |
| 20 | 2019-20 | KSA.TSR(P1)995/22 Dt.3.7.22 | 16 | 1-8 മുതൽ 1-23 വരെ | |
| 21 | 2020-21 | KSA.TSR(P1)996/22 Dt.3.7.22 | 21 | 1-8 മുതൽ 1-28 വരെ | |
| | **ആകെ** | | **131** | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്